# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7529 — 14.7.2014 ൽ മറുപടിയ്ക്ക്

### വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

ചോദ്യം — മറുപടി

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി — ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് എത്ര വികലാംഗർ ഉള്ളതായി കണക്കാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) 2011 ലെ നാഷണൽ പോപ്പുലേഷൻ സെൻസസ് കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 7,61,843 അംഗപരിമിതർ ഉണ്ട്. |
| (ബി) അർഹരായ മുഴുവൻ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) കേരള സാമൂഹ്യസുരക്ഷാ മിഷൻ പ്രാദേശിക തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് അർഹരായ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിതരണം ചെയ്ത് വരുന്നു. 2009 ഡിസംബർ മുതൽ 2014 മാർച്ച് വരെ 2,70,746 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന അംഗപരിമിതരുടെ സെൻസസിൽ ഓരോ ജില്ലയിലേയും അവശേഷിക്കുന്ന മുഴുവൻ അംഗപരിമിതരേയും മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കി 40% ഉം അതിലധികവും അംഗപരിമിതിയുള്ള മുഴുവൻ പേർക്കും തിരിച്ചറിയൽ കാർഡ് നൽകുവാൻ ഉദ്ദേശിക്കുന്നു.<br>അംഗപരിമിതർക്ക് സെൻസസിലൂടെ ശേഖരിക്കുന്ന അപേക്ഷകളിൽ 2 പഞ്ചായത്തുകൾക്ക് ഒരു മെഡിക്കൽ ക്യാമ്പ് എന്ന ക്രമത്തിൽ പഞ്ചായത്ത് തലത്തിലും ഓരോ മുനിസിപ്പാലിറ്റികളിലും ഓരോ മെഡിക്കൽ ക്യാമ്പ് എന്ന ക്രമത്തിലും ഓരോ കോർപ്പറേഷൻ പരിധിയിൽ 2 മെഡിക്കൽ ക്യാമ്പുകൾ എന്ന രീതിയിലും ആകെ 559 മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി ഉദ്ദേശിച്ചിരിക്കുന്നു.<br>പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ പറ്റാത്തവിധം ഗുരുതര വൈകല്യങ്ങളാൽ കിടപ്പിലായി വീട്ടുകളിൽ തന്നെ കഴിയുന്നവർക്ക് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വഴി വൈകല്യ നിർണ്ണയം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം നടത്തുവാനും ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് നൽകിയെന്ന് അറിയിക്കാമോ; | (സി) 2011 ഏപ്രിൽ മാസം മുതൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ ആകെ 72,530 അംഗപരിമിതർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. |

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര വികലാംഗർക്ക് സർക്കാർ പ്രഖ്യാപിത ആനുകൂല്യം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ?

(ഡി)കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴി 2011 ഏപ്രിൽ മുതൽ ലഭ്യമാക്കിയിരിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതികൾ | 2011 ഏപ്രിൽ മുതൽ ഉൾപ്പെട്ടിരിക്കുന്നവരുടെ എണ്ണം |
|---|---|---|
| 1. | വികലാംഗ തിരിച്ചറിയൽ കാർഡ് | 72530 |
| 2. | ശ്രുതി തരംഗം (കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി) | 401 |
| 3. | ആശ്വാസകിരണം | 57184 |
| 4. | SID റൂബെല്ല വാക്സിനേഷൻ | 2013-14, 2,05,000 2014 ജനുവരി 28 മുതൽ എല്ലാ സർക്കാർ പ്രസവാശുപത്രികളിലുമായി 3,00,000/- വാക്സിൻ വിതരണം നടത്തിയിട്ടുണ്ട്. |

കൂടാതെ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി 9507 അംഗപരിമിതർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ